(ബി) എങ്കിൽ ഇതു സംബന്ധിച്ച് സർവ്വകലാശാല അധികൃതരുടേയും കാർഷിക ശാസ്ത്രജ്ഞൻമാരുടേയും അഭിപ്രായം കൂടി അറിയുവാൻ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?;

ഉത്തരം

(എ)&(ബി) കാർഷിക സർവ്വകലാശാലയുടെ പ്രവേശനത്തിന് പ്രവേശനപരീക്ഷയ്ക്കുപുറമേ പ്രത്യേക അഭിരുചിപരീക്ഷ നടത്തണമെന്ന് നിർദ്ദേശമില്ല.

139 (1871) വെള്ളായണി കാർഷിക കോളേജിന്റെ ഭൂമി

ശ്രീ. ബി. വിജയകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ റിക്കാർഡു പ്രകാരം വെള്ളായണി കാർഷികകോളേജിന് കൈമാറികിട്ടിയ സർവ്വേ നമ്പർ 236/1-ൽപ്പെട്ട മുഴുവൻ ഭൂമിയും ഇപ്പോൾ കാർഷിക കോളേജിന്റെ കൈവശത്തിലും അനുഭവത്തിലുംതന്നെയാണോ ഉള്ളത്;

(ബി) എങ്കിൽ പ്രസ്തുത ഭൂമിയിൽ കുറവു വന്നിട്ടുണ്ടോ? കുറവു വന്നതു കൈമാറിയതിന് മുൻപാണോ, പിൻപാണോ;

(സി) വിസ്തീർണ്ണത്തിൽ കുറവുണ്ടാകാൻ കാരണമെന്ത്; കുറവു വന്ന ഭൂമി ഇപ്പോൾ ആരുടെയെല്ലാം കൈവശത്തിലും അനുഭവത്തിലുമാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഭൂമിയുടെ കൈവശക്കാർ കൈവശഭൂമിയ്ക്കു പട്ടയം ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച ഹർജിയിൻമേൽ റവന്യൂ അധികൃതർ കോളേജ് അധികൃതരുടെ അഭിപ്രായം ആരാഞ്ഞിരുന്നുവോ; എങ്കിൽ 1991-ൽ തിരുവന്തപുരം തഹസീൽദാരും 1998-ൽ ജില്ലാ കളക്ടറും നൽകിയ കത്തുകൾക്കു മറുപടി നൽകിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

140 (1872) ഹോസ്റ്റൽ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കാർഷിക സർവ്വകലാശാലയിലെ വിവിധ ഹോസ്റ്റലുകളിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്.;

(ബി) ഈ തൊഴിലാളികളുടെ നിലവിലുള്ള സേവന-വേതന വ്യവസ്ഥകൾ എന്തെക്കൊയാണ്;

(സി) ഹോസ്റ്റൽ തൊഴിലാളികളെ സർവ്വകലാശാലയിലെ സ്ഥിരം തൊഴിലാളികളായി അംഗീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly